ദ്വിവത്സര പ്രീയൂണിവേഴ്സിറ്റി കോഴ്സ്.

* 871. [11] † ശ്രീ. പി. കെ. അബ്ദുൽകാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത വിദ്യാഭ്യാസവർഷം മുതൽ ദ്വിവത്സര പ്രീയൂണിവേഴ്സിറ്റി കോഴ്സ് നടപ്പിലാക്കാൻ ഗവണ്മെന്റ് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ പ്രസ്തുത പദ്ധതിയനുസരിച്ച് എന്തെല്ലാം നടപടികളാണ് എടുക്കാൻ ഉദ്ദേശിക്കുന്നത്?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) കേരള സർവ്വകലാശാല അപ്രകാരം തീരുമാനിച്ചിട്ടുണ്ട്. ആ തീരുമാനത്തോട് ഗവണ്മെന്റ് യോജിക്കുന്നു.

(ബി) ഈ കാര്യം പരിഗണനയിൽ ഇരിക്കുന്നതേയുള്ളൂ.

സ്വാശ്രയ സേവിംഗ്സ് സ്കീം.

* 872. [12] ശ്രീ. പി. എസ്. കാർത്തികേയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സാമ്പത്തികവർഷത്തിൽ സ്വാശ്രയ സേവിംഗ്സ് സ്കീം അനുസരിച്ച് എത്ര തുക പിരിഞ്ഞു കിട്ടി;

(ബി) 1961–62, 1962–63 ഈ സാമ്പത്തിക വർഷത്തിൽ എത്ര തുകകൾ വീതം പിരിഞ്ഞുകിട്ടി?

മുഖ്യമന്ത്രി (ശ്രീ. ആർ. ശങ്കർ) :

(എ) ഈ സാമ്പത്തികവർഷത്തിൽ ഏപ്രിൽ മുതൽ ജനുവരിവരെയുള്ള ആദ്യത്തെ പത്തുമാസങ്ങളിൽ പിരിഞ്ഞു കിട്ടിയ ആകെ തുക 170.77 ലക്ഷം രൂപയാണ്.

(ബി) 1961–62-ൽ 176 ലക്ഷം രൂപയും 1962-63-ൽ 93 ലക്ഷംരൂപയും മൊത്തം പിരിഞ്ഞുകിട്ടി.

ശ്രീ. സി. അച്യുതമേനോൻ: ഈ പദ്ധതിക്ക് സ്കീമിന് ആദ്യമെ ജനങ്ങളുടെ ഇടയിൽനിന്ന് എത്രത്തോളം തുക പിരിഞ്ഞിട്ടുണ്ടെന്നു പറയാമോ?

ശ്രീ. ആർ. ശങ്കർ: ഓരോ പദ്ധതി അനുസരിച്ചും പ്രത്യേകം പിരിഞ്ഞിട്ടുള്ള തുകയുടെ വിവരം എന്റെ കൈവശമില്ല.

Mr. Speaker: Question No. 13 has been answered already. Question No. 14.

ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ.

* 873. [14] ശ്രീ. കെ. കുഞ്ഞപിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത സാമ്പത്തികവർഷത്തിൽ എത്ര ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ ആരംഭിക്കുവാനുദ്ദേശിക്കുന്നുണ്ട്;

(ബി) എവിടെയെല്ലാമാണ് ആരംഭിക്കുന്നത്?

† Put by Shri M. C. Abraham.

LIBRARY ARCHIVES Kerala Legislative Assembly